ഇതിൽ കൊയിലാണ്ടി മണ്ഡലത്തിൽ 343 പേർക്ക് ധനസഹായം അനുവദിച്ചു. ഇതിനായി മൊത്തം അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

വർഷം	*അനുവദിച്ച തുക*
2012-13	28.025 ലക്ഷം രൂപ
2013-14	25.025 ലക്ഷം രൂപ
2014-15	52.05 ലക്ഷം രൂപ
2015-16	26.25 ലക്ഷം രൂപ

(ഡി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുമുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയനുസരിച്ച് ബയോമെട്രിക് കാർഡ് ലഭിച്ചിട്ടുള്ളവരും ബയോമെട്രിക് കാർഡിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും ടി കാർഡിനായി വിവര ശേഖരണം നടത്തിയിട്ടുള്ളവരും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ആയതുപ്രകാരം ഒന്നും രണ്ടും ഗഡുക്കൾ കോഴിക്കോട് ജില്ലയിലെ അർഹരായ മത്സ്യ അനുബന്ധത്തൊഴിലാളികൾക്ക് വിതരണം ചെയ്യു കഴിഞ്ഞു. (മൂന്നാം ഗഡു 2015-16-ലായി) 12820 പേർക്ക് നാളിതുവരെ 1,73,07,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് 3,08,31,300 രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾ സമർപ്പിച്ച അക്കൗണ്ട് നമ്പറിലുള്ള തെറ്റുമൂലവും ആറ് മാസത്തിൽ കൂടുതൽ കാലം ബാങ്ക് അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യാത്തതുമൂലം തുക നിക്ഷേപിക്കുമ്പോൾ തുക ബാങ്കിൽ നിക്ഷേപിക്കാൻ സാധിക്കാതെ വരുന്നുണ്ട്. ടി ന്യൂനതകൾ പരിഹരിച്ചും ഈ പദ്ധതിക്കായി ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവരിൽ നിന്ന് അപേക്ഷ സ്വീകരിച്ച് തുക നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ

130 (3237) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം നൽകാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പതിനൊന്നാം ധനകാര്യകമ്മീഷൻ, ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനായി അനുവദിച്ച തുക എത്ര ; ഇതിൽ 31-1-2015-നകം ചെലവഴിച്ച തുക എത്ര;

(സി) പ്രസ്തുത തുകയിൽ നിന്നും മറ്റ് സ്കൂളുകൾക്ക് ആനുകൂല്യം അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇപ്രകാരം മറ്റ് സ്കൂളുകൾക്ക് തുക അനുവദിച്ചെങ്കിൽ ആയത് മത്സ്യത്തൊഴിലാളി സമൂഹത്തോടുചെയ്യുന്ന അനീതിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇപ്രകാരം തുക അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകി വരുന്നുണ്ട്.

(ബി-ഇ) പതിനൊന്നാം ധനകാര്യകമ്മീഷൻ, ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനായി തുക അനുവദിച്ചിട്ടില്ല.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

131 (3238) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനം, മത്സ്യബന്ധനത്തിനിടെ മരണപ്പെട്ടവരുടെ ആശ്രിതരുടെ ക്ഷേമം എന്നിവയ്ക്കായി നടപ്പാക്കിയ പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly